കേരള സർക്കാർ

# ഒക്കൽ ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.2)1989/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 07.12.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒക്കൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഒക്കൽ ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം(പി.2)1989/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട്–682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 07.12.2016

# എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 19.11.2015 മുതൽ 03.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും ലഭ്യമായ മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഡി.സുരേഷ് രാജു,<br>ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.11.2016 മുതൽ 11 .11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. മിനു.പി.കെ. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.മരുൺ മാത്യു,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അനീഷ്.ആർ. ഓഡിറ്റർ |
| | ശ്രീ.നവാസ്.സി.എം., ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീ.അൻവർ മുണ്ടേത്ത് | 1.4.2015 | 30.9.2015 |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 01.10.2015 | 18.11.2015 |
| | ശ്രീമതി. മേഴ്സി ജോർജ്ജ് | 19.11.2015 | 31.03.2016 |
| വൈസ് പ്രസിഡന്റ് | ശ്രീമതി. വിജി ജോർജ്ജ് | 1.4.2015 | 30.9.2015 |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 01.10.2015 | 18.11.2015 |
| | ശ്രീ. ജോസ് വർഗ്ഗീസ് | 19.11.2015 | 31.03.2016 |
| സെക്രട്ടറി | ശ്രീ.കെ.വി.സുബ്രഹ്മണ്യൻ, അസി. സെക്രട്ടറി (അഡീഷണൽ ചാർജ്) | 01.4.2015 | 10.04.2015 |
| | ശ്രീ. കെ..കെ.റജികുമാർ സെക്രട്ടറി | 11.04.2015 | 20.07.2015 |
| | ശ്രീ.കെ.വി.സുബ്രഹ്മണ്യൻ, അസി. സെക്രട്ടറി (അഡീഷണൽ ചാർജ്) | 21.07.2015 | 29.07.2015 |
| | ശ്രീമതി. എം.എച്ച് . ആമിന, സെക്രട്ടറി | 30.07.2015 | 08.01.2016 |
| | ശ്രീമതി. മെറ്റി മേരി ജോസഫ് അറയ്ക്കൽ | 09.01.2016 | 17.01.2016 |
| | ശ്രീ. യു.അബ്ദുൾ ഹക്കീം | 18.01.2016 | 31.03.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി. സെക്രട്ടറി, | ശ്രീ.കെ.വി.സുബ്രഹ്മണ്യൻ, | 01.04.2015 | 31.03.2016 |
| കൃഷി ഓഫീസർ | ശ്രീ. അനിൽ അബ്രഹാം | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. അനുരാധ.എ.ആർ | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ബീന പോൾ | 01.04.2015 | 23.06.2015 |
| | ഡോ. ഡയാന മോൾ | 24.06.2015 | 31.03.2016 |
| വെറ്ററിനറി സർജൻ | ഡോ.ജെസ്സി.എ.എസ്. | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അനിത ആർ.കൃഷ്ണ | 01.04.2015 | 31.03.2016 |
| ഐസിഡിഎസ്. സൂപ്പർവൈസർ | ശ്രീമതി. റീന. പി.റ്റി. | 1.04.2015 | 31.01.2016 |
| | ശ്രീമതി. പ്രതിഭ മത്തായി | 01.02.2016 | 31.03.2016 |

| | | | |
|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ജാസ്മിൻ.പി. (വി.ഇ.ഒ.ഒക്കൽ) | 1.04.2015 | 31.03.2016 |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, ഒക്കൽ | ശ്രീ. പി.എം. ശശി | 1.04.2015 | 31.03.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ജോർജ്ജ് ജോസഫ് | 01.04.2015 | 25.05.2015 |
| | ശ്രീ. മൻസൂർ | 26.05.2015 | 28.05.2015 |
| | ശ്രീമതി. ഗേളി മേരി ജോർജ് | 29.06.2015 | 30.06.2015 |
| | ശ്രീ. മൻസൂർ | 01.07.2015 | 31.07.2015 |
| | ശ്രീമതി. ഗേളി മേരി ജോർജ് | 01.08.2015 | 31.03.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സഹീറ.എം.എ. | 01.04.2015 | 21.10.2016 |

ഉള്ളടക്കം


| നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തനത് വരുമാനം. | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | അഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം – 2 | |
| 11 | പരസ്യനികുതി കുടിശ്ശിക ഈടാക്കിയില്ല | 2-1 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 |
| 13 | മൊബൈൽ ടവറുകളുടെ കെട്ടിട നികുതി ഈടാക്കിയില്ല | 2-3 |
| 14 | D & O ലൈസൻസ് പിരിവ് - അപാകതകൾ | 2-4 |
| | ഭാഗം – 3 | |
| 15 | റോഡ് കോൺക്രീറ്റിംഗ് അധിക അളവിൽ ചെയ്തു - നഷ്ടം ₹.623138/- | 3-1 |
| 16 | മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ | 3-2 |
| 17 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 3-3 |
| 18 | പട്ടികജാതി വിഭാഗക്കാർക്ക് വീട് പുനരുദ്ധാരണം -അപാകതകൾ | 3-4 |

| | | |
|---|---|---|
| 19 | തെരുവു വിളക്കുകളുടെ പരിപാലനം -അപാകതകൾ | 3-5 |
| 20 | ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല | 3-6 |
| | ഭാഗം - 4 | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 31 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 32 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 33 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16ലെ ബജറ്റ് 23.3.2015ലെ 1(1)-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 28.07.2016 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,41,20,401 |
| വരവ് | 3,63,13,089 |
| ആകെ | 5,04,33,490 |
| ചെലവ് | 4,34,75,353 |
| നീക്കിയിരിപ്പ് | 69,58,137 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 33963 | 6006425 | 1743546 | 7783934 | 7783934 | 0 |
| വികസനഫണ്ട് എസ്.സി.പി. | 206098 | 1126401 | 0 | 1332499 | 1332499 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 38000 | 0 | 38000 | 38000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 220648 | 3824968 | 0 | 4045616 | 4045616 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 106747 | 1961461 | 0 | 2068208 | 2068208 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 304797 | 5053321 | -1743546 | 5358118 | 3614572 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2454604 | 0 | 0 | 2454604 | 2454604 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 336874 | 1902 | 338776 | 338776 | 0 |
| ബി ഫണ്ട് | 0 | 81199 | 0 | 81199 | 81199 | 0 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു :-

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 77678293 | 97 | 28931111 | - | 102 | 37% |

# 1-6 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 42ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 86,01,856 | 56,21,074 | - 29,80,782 | - 35% |
| നികുതിയേതര വരവുകൾ | 19,58,879 | 12,67,167 | - 6,91,712 | - 35% |
| മറ്റുവരവുകൾ | 19,36,500 | 3,29,426 | - 16,07,074 | - 83% |

| | | | | |
|---|---|---|---|---|
| ആകെ | 1,24,97,235 | 72,17,667 | - 52,79,568 | - 42% |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 43,920 | 29 |
| കർഷകതൊഴിലാളി പെൻഷൻ | 27,61,140 | 3557 |
| വിധവപെൻഷൻ | 77,84,120 | 7524 |
| വാർദ്ധക്യകാലപെൻഷൻ | 1,11,69,480 | 13200 |
| വികലാംഗപെൻഷൻ | 24,13,005 | 2430 |
| വിവാഹധനസഹായം | 30,000 | 1 |
| 50വയസിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള സഹായം | 4,05,720 | 421 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.11.2016 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11608/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-9 അഭ്യന്തര നിയന്ത്രണം

<u>രജിസ്റ്ററുകൾ/ഫയലുകൾ ശരിയായി പരിപാലിക്കുന്നില്ല.</u>

ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ ശരിയായ രേഖപ്പെടുത്തൽ ഇല്ല. ലൈസൻസ് ഫീസ് പിരിച്ചതിന് രസീത് വിവരം രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് അപേക്ഷകളിൽ സാക്ഷ്യപത്രം വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ പരിസരത്തുള്ള 2 പെട്രോൾ പമ്പുകൾ 2015-16 വർഷം പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചത് (ഭാഗം 2 കാണുക). ഭാവിയിൽ കൃത്യമായ സ്ഥല പരിശോധന നടത്തി ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങളൊന്നും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

<u>സ്ഥാപന തൊഴിൽ നികുതി വിവരങ്ങളിൽ വ്യക്തത ഇല്ല.</u>

ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന് രേഖപ്പെടുത്തൽ ഇല്ല. ട്രേഡേഴ്സ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഒരു സ്ഥാപനത്തിന്റെ നികുതി ഒരു വർഷം പിരിച്ചാൽ അത് അടുത്ത വർഷവും കൃത്യമായി പിരിക്കുവാൻ രജിസ്റ്ററുകളിലെ രേഖപ്പെടുത്തൽ അത്യാവശ്യമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യകം ശ്രദ്ധിക്കേണ്ടതാണ്

<u>ഗ്രാമ പഞ്ചായത്ത് കരാറിൽ ഏർപ്പെടാത്തത്.</u>

1994ലെ കേരള പഞ്ചായത്തീരാജ് നിയമം 254ാം വകുപ്പ് അധികാരപ്പെടുത്തുന്ന

വിധത്തിലും 1996ലെ കേരള പഞ്ചായത്ത് രാജ് കരാർ ചട്ടങ്ങൾ പ്രകാരവും ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലെ പ്രവർത്തികൾ ചെയ്യിക്കുന്നതിനും, ലേലം ചെയ്ത് കൊടുക്കുന്നതിനും കരാറിൽ ഏർപ്പെടേണ്ടതാണ്. ഒരു പ്രവൃത്തിയുടെ അതല്ലെങ്കിൽ വരുമാന സ്രോതസ്സ് ലേലം ചെയ്ത് നൽകുമ്പോൾ ലേലംകൊണ്ട വ്യക്തിയുമായി കരാറിൽ ഏർപ്പെടുന്നത് കാര്യക്ഷമമായ പ്രവർത്തനത്തിന് വളരെ അത്യാവശ്യമാണ്. എന്നാൽ ഒക്കൽ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം പരസ്യനികുതി പിരിക്കുവാനുള്ള അവകാശം ലേലം ചെയ്ത് നൽകിയ വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ലേലം കൊണ്ട വ്യക്തിയിൽ നിന്നും 25,700/- രൂപ ലേല തുകയായി ലഭിക്കാനുണ്ട് (ഭാഗം 2 കാണുക). ഇത്തരത്തിൽ നികുതി പിരിവിലെ ഉദാസീനതയ്ക്ക് ഉദാഹരണമാണ് ഈ സംഭവം. ഓഡിറ്റിന്റെ അന്വേഷണത്തിൽ 2016-17 വർഷവും ഈ പ്രവണത തുടരുന്നു എന്ന് കണ്ടു. ആയതിനാൽ ഈ വിഷയത്തിൽ പ്രത്യക ജാഗ്രത പുലർത്തണമെന്നും ഇത് വരെ വന്ന അപാകതകൾക്ക് വ്യക്തമായ വിശദീകരണം ഓഡിറ്റ് മുമ്പാകെ സമർപ്പിക്കുവാനും അറിയിക്കുന്നു.

<u>ബൈലോ ഉണ്ടാക്കിയിട്ടില്ല.</u>

1. പരസ്യ നികുതി പിരിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ബൈലാ വിജ്ഞാപനം ചെയ്തിട്ടില്ല (കേരള പഞ്ചായത്ത് രാജ് നിയമം 1994 -209 ഡി, 256 വകുപ്പുകൾ). പരസ്യ നികുതി പിരിക്കുന്നതിന് വേണ്ടി 29-01-2015 തീയതി ചേർന്ന ഗ്രാമ പഞ്ചായത്തിന്റെ കമ്മിറ്റി VIIIാം നമ്പർ തീരുമാന പ്രകാരം പരസ്യ നികുതി ബൈലാ അംഗീകരിച്ചിട്ടുണ്ട്. 13-03-2015 തീയതി ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം XVII പ്രകാരം ബൈലാ അന്തിമമായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെയായി വിജ്ഞാപനം നടത്താത്തത് ഓഡിറ്റ് ഗൗരവമായി കാണുന്നു.

ഇപ്രകാരം ഓരോ വിഷയ സംബന്ധമായി ആയത് വ്യക്തമായി നിർവ്വഹണം നടത്തുന്നതിനും, ഗ്രാമ പഞ്ചായത്തിന് കിട്ടേണ്ട വരുമാനം യഥാസമയം ലഭ്യമാക്കുന്നതിനും ബൈലാ ഉണ്ടാക്കേണ്ടതും, കരാറിൽ ഏർപ്പടേണ്ടതും വളരെ അത്യാവശ്യമാണ്. ഇത്തരം വിഷയങ്ങളിൽ കോടതികളിൽ കേസുകൾ വരികയും ഗ്രാമ പഞ്ചായത്തിന്റെ ഭാഗം പ്രാഥമികമായി തന്നെ പരാജയപ്പെടുവാനും ഇത്തരം പ്രവണത കാരണമാക്കും. ആയതിനാൽ ബൈലാ ഉണ്ടാക്കി വിജ്ഞാപനം നടത്തുവാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

<u>മൊബൈൽ ടവറുകളുടെ എണ്ണം - വ്യക്തതയില്ല.</u>

2015-16 വർഷം ഗ്രാമ പഞ്ചായത്തിലെ മൊബൈൽ ടവറുകൾ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.1) ലഭിച്ച മറുപടിയിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 6 മൊബൈൽ ടവറുകൾ ഉണ്ടെന്നും 3 എണ്ണത്തിന് കെട്ടിട നികുതി നിർണ്ണയം നടത്തിയിട്ടുണ്ട് എന്നും 2015-16 വർഷം മുൻവർഷങ്ങളിൽ നിർണ്ണയം നടത്തിയതിൽ നിന്നും കെട്ടിട നികുതി പിരിച്ചിട്ടില്ല എന്നും വ്യക്തമാകുന്നു. മറുപടി പ്രകാരം തന്നെ 3 മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയം നടത്തിയിട്ടില്ല. ഓഡിറ്റിന്റെ അന്വേഷണത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തിന് വ്യക്തമായ ധാരണ ഇല്ല എന്ന് മനസ്സിലാക്കുന്നു. ഗ്രാമ പഞ്ചായത്തിൽ നികുതി നിർണ്ണയത്തിലും പിരിക്കുന്ന കാര്യത്തിലും സ്ഥല പരിശോധന നടക്കുന്നില്ല എന്ന് ഓഡിറ്റ് മനസ്സിലാക്കുന്നു (നഷ്ട തുക സംബന്ധിച്ച് വിശദമായി ഭാഗം 2 കാണുക). ഈ അപാകതകൾ പ്രത്യേക പരിഗണനയോടെ പരിഹരിക്കേണ്ടതാണ്.

<u>ഫ്രണ്ട് ഓഫീസ് സംവിധാനം.</u>

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 14.10.16 | 1.9.16-- 30.09.16 | - |
| അക്കൗണ്ട് ജനറൽ | 17.6.11- 29.6.11 | 2006-07-- 2010-11 | 25.7.11 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യ നികുതി കുടിശിക ഈടാക്കിയിട്ടില്ല നഷ്ടം - ₹.25,700/-

2015-16 വർഷത്തെ ലേലം സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു:-

1. പരസ്യ നികുതി പിരിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ബൈലാ വിജ്ഞാപനം ചെയ്തിട്ടില്ല.(കേരള പഞ്ചായത്ത് രാജ് നിയമം 1994 -209 ഡി.,256 വകുപ്പുകൾ). പരസ്യ നികുതി പിരിക്കുന്നതിനെപ്പറ്റി തീരുമാനമെടുക്കാൻവേണ്ടി 29-01-2015 തീയതി ചേർന്ന ഗ്രാമ പഞ്ചായത്തിന്റെ കമ്മിറ്റി VIII ാം നമ്പർ തീരുമാനപ്രകാരം പരസ്യ നികുതി ബൈലാ അംഗീകരിച്ചിട്ടുണ്ട് . 13-03-2015 തീയതി ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം XVII പ്രകാരം ബൈലാ അന്തിമമായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി വിജ്ഞാപനം നടത്തിയിട്ടില്ല.

2. ഗ്രാമപഞ്ചായത്ത് പരിധിയിലെ 01-04-2015 മുതൽ 31-03-2016 വരെയുള്ള കാലയളവിലെ പരസ്യ നികുതി പിരിക്കുന്നതിന് വേണ്ടി 09-04-2015 തീയതി ലേലം ചെയ്തിട്ടുള്ളതാണ്. ലേലത്തിൽ സിനിൽകുമാർ, വീപ്പാട്ട് ഹൗസ്, കാലടി എന്നയാളാണ് ലേലം കൊണ്ടത്. ലേലം കൊണ്ടയാളുമായി ഗ്രാമ പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. ലേല തുക ഗഡുക്കളായി അടയ്ക്കുന്നതിന് തഹസിൽദാറിൽ നിന്നും സോൾവൻസി ഹാജരാക്കിയിട്ടില്ല (ലേല നോട്ടീസ് ഖണ്ഡിക 4). ഇപ്രകാരം കരാറിൽ ഏർപ്പെടാതെയും, ഗഡുക്കളായി അടയ്ക്കുന്നതിന് തഹസിൽദാറിൽ നിന്നും സോൾവൻസി ഹാജരാക്കാതെയും ലേല നടപടികൾ കൈക്കൊണ്ടത് ശരിയായ നടപടിയല്ല. ഓഡിറ്റിന്റെ അന്വേഷണത്തിൽ 2016-17 വർഷത്തിലും ഈ പ്രവണത നിലനിൽക്കുന്നതായി കണ്ടു. ഒക്കൽ ഗ്രാമ പഞ്ചായത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പരസ്യനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്. (MC റോഡ് ഉൾപ്പെടെ പ്രധാന റോഡുകൾ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. ഇത് പരസ്യ നികുതിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു)

4. 68500/-രൂപയ്ക്കാണ് ശ്രീ.സിനിൽ കുമാർ പരസ്യ നികുതി ലേലം കൊണ്ടത്. നാളിത് വരെ 42,800/- രൂപ (11501100274/25-04-2015, 450100101/26-04-2016, 450100101/30-06-2016) അടച്ചിട്ടുണ്ട്. (ലേല രജിസ്റ്റർ പേജ്. 10). എന്നാൽ ബാക്കി ലേല തുകയായ 25700/-രൂപ അടച്ചിട്ടില്ല. പരസ്യ നികതിയിനത്തിൽ നഷ്ടമായ 25700/- രൂപ പിഴപലിശ സഹിതം ബന്ധപ്പെട്ട ലേലക്കാരനിൽ നിന്നോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല നഷ്ടം - ₹.22500/-

2015-16 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതിയുടെ രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല. 1994 ലെ കേരള പഞ്ചായത്തീരാജ് നിയമം 205 എ പ്രകാരം തൊഴിൽ നികുതി രജിസ്റ്റർ പരിപാലിക്കേണ്ടതാണ് .എന്നാൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കുന്നതിന് കണക്കാക്കേണ്ട അർദ്ധവാർഷിക വരുമാനം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി പിരിച്ചതിന് രജിസ്റ്ററിൽ വ്യക്തമായ രേഖപ്പെടുത്തൽ ഇല്ല. ഡി&ഒ ലൈസൻസ് രജിസ്റ്ററുമായി ചേർത്ത് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ 2015-16 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.6 നൽകിയതിന് മറുപടിയായി 9 സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം. | 2015-16 വർഷത്തെ സ്ഥാപന തൊഴിൽ നികുതി (രണ്ട് അർദ്ധവാർഷികം) | റിമാർക്സ് |
|---|---|---|---|
| 1 | സുപ്രീം ഫുഡ് ഇൻഡസ്ട്രീസ്,ചേലാമറ്റം | 2,500 | |
| 2 | സെന്റ് തേരസോസ് , ടിമ്പർ ഇൻഡസ്ട്രീസ്, | 2,500 | |
| 3 | കേബീസ് ഫുഡ് പ്രോഡക്ട്സ് | 2,500 | |
| 4 | അന്നപൂർണ്ണ കാറ്ററിംഗ് | 2,500 | |
| 5 | വിക്ടറി വിനിയേഴ്സ് | 2,500 | |
| 6 | ഇടവൂർ ക്ഷീരോല്പാദക സഹകരണ സംഘം. | 2,500 | |
| 7 | പള്ളത്തുകുടി മിൽസ് | 2,500 | ജീവനക്കാരുടെ ഒന്നാംഅർദ്ധവാർഷികം അടച്ചില്ല. |
| 8 | പട്ടയ്ക്കൽ ഫുവൽസ് | 2,500 | |

| | | | |
|---|---|---|---|
| 9 | ഗംഗോത്രി പെട്രോളിയംസ് | 2,500 | |
| | ആകെ | 22,500 | |

സ്ഥാപനങ്ങളിലെ തൊഴിൽ നികുതി പിരിക്കാത്തതിനാൽ നഷ്ടമായ 22,500/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി കണക്കാക്കുന്നതിലും ആയത് സമയ ബന്ധിതമായി പിരിക്കുന്നതിനും പഞ്ചായത്ത് ജാഗ്രത പലർത്തേണ്ടതാണ്. രജിസ്റ്ററുകളിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. സ്ഥാപന തൊഴിൽ നികുതി പിരിച്ചതിന്റെ വിവരം രസീത് നമ്പർ സഹിതം രേഖപ്പെടുത്തേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കുമ്പോൾ അവരുടെ യഥാർത്ഥ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ കെട്ടിട നികുതി ഈടാക്കാത്തത് - നഷ്ടം -₹.14,136/-

2015-16 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിശദ വിവരം ആവശ്യപ്പെട്ട് എൻക്വയറി നം.1 കൊടുത്തതിന് ലഭിച്ച മറുപടിയിൽ ഒക്കൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 6 മൊബൈൽ ടവറുകളാണ് ഉള്ളത് എന്നും, ഇതിൽ പഞ്ചായത്ത് കെട്ടിട നികുതി നിർണ്ണയം നടത്തിയത് 3 എണ്ണം ആണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉള്ള മൊബൈൽ ടവറുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തിന് വ്യക്തമായ ധാരണയില്ല. ഗ്രാമ പഞ്ചായത്തിൽ സ്ഥല പരിശോധന നടത്തി കെട്ടിട നികുതി നിർണ്ണയം നടക്കുന്നില്ല എന്ന് ഇത് വ്യക്തമാക്കുന്നു. നിർണ്ണയം നടത്തിയതിൽ 2015-16 വർഷത്തിൽ രണ്ടെണ്ണത്തിന്റെ നികുതി പിരിച്ചിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| നം. | മൊബൈൽ ടവർ/ കെട്ടിട നം /വിസ്തീർണ്ണം | നിർണ്ണയം നടത്തിയ വർഷം . | നിർണ്ണയിച്ച തുക/ച.മീ. 500/- | റിമാർക്സ് ച.മീറ്ററിന് ₹.400/- പ്രകാരം |
|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് ലി. 8 th Floor,വങ്കാരത്ത് ടവേഴ്സ്,പാലാരിവട്ടം./XIII 743 F/22.34 ച.മീ. | 2014-15 | 13860/- | 2015-16 വർഷം ഈടാക്കിയില്ല 8936/- |
| 2 | ഇൻഡസ് ടവേഴ്സ് ലി. 8 th Floor,വങ്കാരത്ത് ടവേഴ്സ്,പാലാരിവട്ടം./X 612 A/13 ച.മീ. | 2014-15 | 8190/- | 2015-16 വർഷം ഈടാക്കിയില്ല 5200/- |
| | | | 22,050/- | 14,136/- |

തനത് വരുമാനം കുറവുള്ള ഈ പഞ്ചായത്തിൽ വസ്തു നികുതി കൃത്യമായി ഈടാക്കാത്തത് വലിയ അപാകതയാണ്. മൊബൈൽ ടവറുകളുടെ വസ്തു നികുതി ച.മീ.ന് 400/-രൂപയാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളുടേയും കണക്ക് എടുക്കുവാനും നാളിതുവരെ നികുതി നിർണ്ണയം നടത്താത്തത് നിർണ്ണയം നടത്തുവാനും നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിന് വസ്തു നികുതി പുനർ നിർണ്ണയിക്കാനും ആയത് യഥാസമയം പിരിച്ചെടുക്കാനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. 2015-16 വർഷം മൊബൈൽ ടവറുകളിൽ നിന്നും ഈടാക്കാത്ത 14,136/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ, ഉത്തരവാദിയായ

സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-4 ഡി &ഒ ലൈസൻസ് ഫീസ് പിരിച്ചതിൽ - അപാകതകൾ - നഷ്ടം ₹.8000/-

1. 2015-16 വർഷത്തിലെ ഡി.&ഒ. ലൈസൻസ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചു. ഗ്രാമ പഞ്ചായത്ത് പരിധിയിലെ പെട്രോൾ പമ്പുകൾക്ക് ലൈസൻസ് നൽകിയത് സംബന്ധിച്ച് വിശദ വിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.6 നൽകിയതിന്റെ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ 2 പെട്രോൾ പമ്പുകൾക്ക് ഡി&ഒ ലൈസൻസ് നൽകിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ആകെ 4 പെട്രോൾ പമ്പുകളാണ് ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉള്ളത്. ജനങ്ങളുടെ സുരക്ഷയും സ്വൈര്യ വിഹാരത്തിനും ബുദ്ധിമുട്ട് ഉണ്ടാക്കുന്ന സ്ഥാപനങ്ങൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് ശരിയായ നടപടിയല്ല. ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :-

| ക്രമ നം. | പെട്രോൾ പമ്പിന്റെ പേര് | കെട്ടിട നം. | ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | പട്ടയ്ക്കൽ ഫ്യൂവൽസ് | 1/242 | 4,000 |
| 2 | ഗംഗോത്രി പെട്രോളിയംസ് | XV/358 | 4,000 |
| ആകെ | | | 8,000 |

ഈടാക്കാത്ത ഡി&ഒ ലൈസൻസ് ഫീസ് തുകയായ ₹.8,000/- രൂപ പിഴപലിശ സഹിതം ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ ,ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് കോൺക്രീറ്റിംഗ് - അധിക അളവിൽ ചെയ്തത്.

ഒക്കൽ ഗ്രാമപഞ്ചായത്തിൽ 2015-16 ൽ നടപ്പിലാക്കിയ പദ്ധതികളിൽ റോഡ് പ്രവൃത്തികൾ എല്ലാം കോൺക്രീറ്റിംഗ് ആയിട്ടാണ് ചെയ്തിട്ടുള്ളത്. ഇവയൊക്കെത്തന്നെ ബേസ്കോഴ്സ് (1:4:8) .10 കനത്തിലും, വിയറിംഗ് കോട്ട് (1:2:4 ) .08 കനത്തിലും ആയിട്ടാണ് ചെയ്തിട്ടുള്ളത്. വലിയ വാഹനങ്ങൾ കടന്നുപോകാത്ത സാധാരണ റോഡുകളിൽ വിയറിംഗ് കോട്ട് .05 കനത്തിൽ ആണ് ചെയ്യാറുള്ളത് എന്നിരിക്കെ, ഇത്ര കനത്തിൽ കോൺക്രീറ്റിംഗ് ചെയ്തതിലൂടെ താഴെ പറഞ്ഞ രീതിയിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.
റോഡ് കോൺക്രീറ്റിംഗ് - അധിക അളവിൽ 1:2:4 ചെയ്തത് :

| |
|---|
| പ്രവൃത്തിയുടെ പേര് - മരോട്ടിക്കുടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നമ്പർ - 141/16 |
| അളവ് പുസ്തകം - 53/13-14 |
| കൺവീനറുടെ പേര് - വിനോദ്.പി.ആർ. |
| ബിൽ തുക - 369811/- |
| ചെക്ക് നമ്പർ തീയതി - 152328/15.04.2016 |

| 1:4:8 ചെയ്തത് | 1:2:4: ചെയ്തത് | 1:2:4: ചെയ്യേണ്ടത് | വ്യത്യാസം | നിരക്ക് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 40.52M3 | 32.413 M3 (.08m.കനം) | 20.258 | 12.155 | @6350 | 12.155 x 6350 = 77184.25 |

| |
|---|
| പ്രവൃത്തിയുടെ പേര് - ആന്റോപുരം നെല്ലിപ്പിള്ളിമാലി റോഡ് തേർഡ് റീച്ച് |
| പ്രോജക്റ്റ് നമ്പർ - 153/16 |
| അളവ് പുസ്തകം -30/12-13 |
| കൺവീനറുടെ പേര് - Sunny.P.D. |
| ബിൽ തുക - 795268/- |
| ചെക്ക് നമ്പർ തീയതി - 1781070/ 31.10.2015 |

| 1:4:8 ചെയ്തത് | 1:2:4: ചെയ്തത് | 1:2:4: ചെയ്യേണ്ടത് | വ്യത്യാസം | നിരക്ക് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 39.05 | 31.301 M3 (.08m കനം) | 19.563 | 11.737 | @6350 | 74535.98 |

| |
|---|
| പ്രവൃത്തിയുടെ പേര് - ഇൻഡ്യക്കവല കിഴക്കുംവേലിപ്പാടം റോഡ്കോൺക്രീറ്റിംഗ് |
| പ്രോജക്റ്റ് നമ്പർ - 59/16 |
| കൺവീനറുടെ പേര് - Sulaimankunju |
| ബിൽ തുക - 305063(129966 + 175097) |
| ചെക്ക് നമ്പർ തീയതി - 145229/16.01.2016, 145238/16.01.2016 |

| 1:4:8 ചെയ്തത് | 1:2:4: ചെയ്തത് | 1:2:4: ചെയ്യേണ്ടത് | വ്യത്യാസം | നിരക്ക് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 30.63 | 21.54 | 13.45 | 8.09 | @6350 | 51353.08 |

| |
|---|
| പ്രവൃത്തിയുടെ പേര് – എറ്റാക്കപ്പറമ്പ് ആര്യംപാറ സെ.സെബാസ്റ്റ്യൻ റോഡ്കോൺക്രീറ്റിംഗ് |
| പ്രോജക്റ്റ് നമ്പർ - 138/16 |
| കൺവീനറുടെ പേര് - Steephan.N.O. |
| ബിൽ തുക - 526981/- |
| ചെക്ക് നമ്പർ തീയതി - 152324/15.04.2016. |

| 1:4:8 ചെയ്തത് | 1:2:4: ചെയ്തത് | 1:2:4: ചെയ്യേണ്ടത് | വ്യത്യാസം | നിരക്ക് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 3.32 | 2.648 | 1.66 | .988 | @6350 | 6274 |

| |
|---|
| പ്രവൃത്തിയുടെ പേര് - കുന്നക്കാട്ടുമല ഹരിജൻ റോഡ് $2^{nd}$ റീച്ച് കോൺക്രീറ്റിംഗ് അളവു പുസ്തകം – 36/13-14 |

| | | | | | |
|---|---|---|---|---|---|
| പ്രോജക്റ്റ് നമ്പർ - 154/16 | | | | | |
| കൺവീനറുടെ പേര് - Sasi.K.N. | | | | | |
| ബിൽ തുക - 500000/- | | | | | |
| ചെക്ക് നമ്പർ തീയതി - 224199/25.07.2015, 152326/15.04.2015 | | | | | |
| 1:4:8 ചെയ്തത് | 1:2:4: ചെയ്തത് | 1:2:4: ചെയ്യേണ്ടത് | വ്യത്യാസം | നിരക്ക് | അധികം നൽകിയ തുക |
| 48.97 | 39.172 | 24.483 | 14.689 | @6350 | 93275 |
| പ്രവൃത്തിയുടെ പേര് - ഇടവൂർ ശിവക്ഷേത്രം കനാൽ റോഡ് | | | | | |
| പ്രോജക്റ്റ് നമ്പർ - 083/15/16 | | | | | |
| കൺവീനറുടെ പേര് - Shahul Hameed.A.V.<br>ബിൽ തുക - 500000/- | | | | | |
| ചെക്ക് നമ്പർ തീയതി - 819501/07.09.15 | | | | | |
| 1:4:8 ചെയ്തത് | 1:2:4: ചെയ്തത് | 1:2:4: ചെയ്യേണ്ടത് | വ്യത്യാസം | നിരക്ക് | അധികം നൽകിയ തുക |
| 66.40 | 53.34 | 33.74 | 19.6 | @6350 | 124460 |
| പ്രവൃത്തിയുടെ പേര് - കുന്നക്കാട്ടുമല ഹരിജൻ റോഡ് 3nd റീച്ച് കോൺക്രീറ്റിംഗ് | | | | | |
| പ്രോജക്റ്റ് നമ്പർ - 155/16 | | | | | |
| കൺവീനറുടെ പേര് - Shamsudheen.P.E.. | | | | | |
| ബിൽ തുക - 800000/- | | | | | |
| ചെക്ക് നമ്പർ തീയതി - 146590/18.2.2016<br>146570/ “<br>152323/15.4.2016 | | | | | |
| 1:4:8 ചെയ്തത് | 1:2:4: ചെയ്തത് | 1:2:4: ചെയ്യേണ്ടത് | വ്യത്യാസം | നിരക്ക് | അധികം നൽകിയ തുക |
| 78.73 | 67.99 | 42.49 | 25.5 | @6350 | 161925 |
| പ്രവൃത്തിയുടെ പേര് - പാപ്പിക്കവല മിനി വെട്ടിക്ക വീട് അനുബന്ധ റോഡ് | | | | | |
| പ്രോജക്റ്റ് നമ്പർ - 0136/16 | | | | | |
| കൺവീനറുടെ പേര് - ജോസ് വെട്ടിക്ക | | | | | |
| ബിൽ തുക - 200000/- | | | | | |
| ചെക്ക് നമ്പർ തീയതി - 819904/27.10.15 | | | | | |
| 1:4:8 ചെയ്തത് | 1:2:4: ചെയ്തത് | 1:2:4: ചെയ്യേണ്ടത് | വ്യത്യാസം | നിരക്ക് | അധികം നൽകിയ തുക |
| 21.5 | 16.125 | 10.75 | 5.375 | @6350 | 34131 |

ഇത്തരത്തിൽ പ്രവൃത്തികൾ ചെയ്യാനിടയായതിന്റെ സാഹചര്യമെന്തെന്ന് ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം 9) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി നടത്തിയ പല സ്ഥലങ്ങളും ഓഡിറ്റ് ടീം നേരിൽ സന്ദർശിച്ചെങ്കിലും, എം

ബുക്കിലെ അളവുകളും യഥാർത്ഥത്തിൽ ചെയ്തിരിക്കുന്ന അളവുകളും തമ്മിൽ പൊരുത്തപ്പെടാത്ത രീതിയിലുള്ള പ്രവൃത്തികളാണ് നടത്തിയിരിക്കുന്നതെന്ന് കണ്ടു. ഇതിൽ എറ്റാക്കപ്പറമ്പ് ആര്യംപാറ സെ.സെബാസ്റ്റ്യൻ റോഡ്കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി നേരിൽ പരിശോധിക്കുന്നതിനായ് അവിടം സന്ദർശിച്ച ഓഡിറ്റ് ടീമിന്, ഒരു മണൽ കടവിൽ, അവിടുള്ള പാറകൾ പോലും ചേർത്ത് കോൺക്രീറ്റ് ചെയ്തിരിക്കുന്നതായാണ് കാണാൻ സാധിച്ചത്. അധികം പ്രവൃത്തി ചെയ്തുമൂലം അധികമായി ചെലവായ തുക ₹.6,23,138/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# 3-2 മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ

ഒക്കൽ ഗ്രാമപഞ്ചായത്തിൽ 2015-16 ൽ അസിസ്റ്റൻ എഞ്ചിനീയർ നിർവ്വഹിച്ചിരിക്കുന്നത് ഭൂരിഭാഗവും (99%) റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ് . പഞ്ചായത്ത് കമ്മിറ്റിയുടെ 29.01.2015ലെ 116) നമ്പർ തീരുമാനത്തിൽ പഞ്ചായത്തിലെ റോഡുകളെല്ലാം പാടം നികത്തി ഉണ്ടാക്കിയിട്ടുള്ളവയായതിനാൽ റോഡിന്റെ അടിയിൽ ഒരുപാളി ഉറപ്പില്ലത്ത മണ്ണാണെന്നും, അതിനാൽ റോഡുകളെല്ലാം കോൺക്രീറ്റ് ചെയ്യണമെന്നുംരേഖപ്പെടുത്തിയിട്ടുണ്ട്. ഈ തീരുമാനത്തിന്റെ പിൻബലത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളെല്ലാം റോഡ് കോൺക്രീറ്റിംഗ് ആക്കി ചെയ്തിരിക്കുകയാണ്. എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ, റോഡ് കോൺക്രീറ്റിംഗ് ആവശ്യമായി വന്നിരിക്കുന്നതിന്റെ സാഹചര്യത്തെപ്പറ്റി പരാമർശമില്ല. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഒരു പ്രവൃത്തിത്തിയുടെ ഫയലിലും ഉൾക്കൊള്ളിച്ചിട്ടില്ല. കൂടാതെ, റോഡ് പ്രവൃത്തികളിലെ എസ്റ്റിമേറ്റ് റിപ്പോർട്ടുകളിലൊന്നുംതന്നെ റോഡ് സെക്ഷനിംഗ് ചെയ്തിരിക്കുന്നത് പുതിയ റോഡിന് വേണ്ടിയാണോ പഴയ റോഡിന് വേണ്ടിയാണോ എന്ന് വ്യക്തമാക്കിയിട്ടില്ല. റോഡ് സെക്ഷനിംഗ് എന്ന് മാത്രം പറയുകയും പുതിയ റോഡിന് വേണ്ടിയുള്ള നിരക്കായ 189/M3 (As per SOR 2012 , without CP and Overhead charge) നൽകുകയുമാണ് ചെയ്തിരിക്കുന്നത്. എന്നാൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ഇവയൊക്കെ പഴയ റോഡാണ് എന്ന് വ്യക്തമായിട്ടുണ്ട്. നിലവിലുള്ള റോഡിന് സെക്ഷനിംഗിന് നൽകാവുന്നത് കുറവ് (94/M3 - As per SOR 2012 , without CP and Overhead charge) നിരക്കാണെന്നിരിക്കെ, പുതിയ റോഡിന് അനുവദനീയമായ സെക്ഷനിംഗ് നിരക്കാണ് പഴയ റോഡിനായി അനുവദിച്ചിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു :-

| | | | |
|---|---|---|---|
| പ്രവൃത്തിയുടെ പേര് - മാണിക്കത്താൻ റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നമ്പർ - 170/16 | | | |
| അളവ് പുസ്തകം - 53/13-14 | | | |
| കൺവീനറുടെ പേര് - ജോസ്.എം.പി. | | | |
| ബിൽ തുക - 281981/- | | | |
| ചെക്ക് നമ്പർ തീയതി - 2152327/15.04.2016 | | | |
| റോഡ് സെക്ഷനിംഗ് ചെയ്തത് | നൽകിയ തുക @189/M2 | നൽകാവുന്നത് @94/M3 | വ്യത്യാസം |
| 308.45 M2 | 308.45x 189 = 5829.70 | 308.45x94 = 2899.43 | 2316.46 |

<table>
<tr><td colspan="4">പ്രവൃത്തിയുടെ പേര് - കളപ്പുരയ്ക്കൽ റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നമ്പർ - 131/16</td></tr>
<tr><td colspan="4">അളവ് പുസ്തകം - 49/14-15</td></tr>
<tr><td colspan="4">കൺവീനറുടെ പേര് - K.O.Suresh</td></tr>
<tr><td colspan="4">ബിൽ തുക - 632598/-</td></tr>
<tr><td colspan="4">ചെക്ക് നമ്പർ തീയതി - 224198/25.07.2015</td></tr>
<tr><td>റോഡ് സെക്ഷനിംഗ് ചെയ്തത്</td><td>നൽകിയ തുക @189/M2</td><td>നൽകാവുന്നത് @94/M3</td><td>വ്യത്യാസം പ്ര</td></tr>
<tr><td>522.38M2</td><td>522.38 x189 = 9872.98</td><td>522.38x94 = 4910.37</td><td>4962.61</td></tr>
</table>

ഇത്തരത്തിൽ യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെയുള്ള പ്രവൃത്തികളാണ് പഞ്ചായത്തിൽ നടന്നിരിക്കുന്നത്. ആകെ നടന്നിട്ടുള്ള 99 പ്രവൃത്തികളിൽ ടെണ്ടർ വർക്കുകൾ ആകെ മൂന്നെണ്ണം മാത്രമാണുള്ളത്. കൺവീനർമാർ ഏറ്റെടുത്തുനടത്തിയിട്ടുള്ള പ്രവൃത്തികളാകട്ടെ, സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളൊന്നും പാലിക്കാതെയാണ് ചെയ്തിട്ടുള്ളത്. പേരിന് ഒരു ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും, അതിനായി മാത്രം ഒരു യോഗംചേരലുമാണ് നടന്നിട്ടുള്ളത്. പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത ഒരു സഹകരണ ബാങ്കിൽ /ഗ്രാമീണ ബാങ്കിൽ/ ദേശസാൽകൃത ബാങ്കിൽ ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന ഒരു സംയുക്ത അക്കൗണ്ടിലൂടെ മാത്രമേ നടത്താൻ പാടുള്ളൂ എന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നു. എന്നാൽ ഇവിടെ ഒരു പ്രവൃത്തിയിലും സംയുക്ത അക്കൗണ്ട് ആരംഭിക്കാതെ തന്നെയാണ് പണി പൂർത്തിയാക്കി ബിൽ തുക കൈപ്പറ്റിയിട്ടുള്ളത്.

ഇത്തരത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവൃത്തി നടപ്പിലാക്കുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല. ഏത് രീതിയിലായിരിക്കണം നിർമ്മാണ പ്രവത്തികൾ നടത്തേണ്ടത് എന്ന് തീരുമാനിക്കേണ്ടത് പ്രവൃത്തി നടപ്പാക്കേണ്ട എഞ്ചിനീയർ ആണ്. എഞ്ചിനീയർ തന്റെ സാങ്കേതിക പരിജ്ഞാനത്തിന്റെ പിൻബലത്തിലും, തന്റെ മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, എസ്റ്റിമേറ്റ് തയ്യാറാക്കി, പഞ്ചായത്ത് ഫണ്ടിന്റെ പാഴ് ചെലവ് പരമാവധി ഒഴിവാക്കുന്ന വിധത്തിൽ നിർമ്മാണ രീതികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

# 3-3 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ

1. പകർച്ച വ്യാധി നിയന്ത്രണ പരിപാടി. (06/15-16)

ഈ പദ്ധതിയിൽ, ഫോഗിംഗ് നടത്തുന്നതിനായി വണ്ടി വാടക, ഡീസൽ ചെലവ്, പെട്രോൾ ചെലവ് എന്നിവയ്ക്കായി മാത്രം 50,000/- രൂപ ചെലവുണ്ട് (ബിൽ നം.14/15-16 തീയതി 05.03.2016). എന്നാൽ വണ്ടികളുടെ ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പറിലുള്ള വാഹനങ്ങൾ മോട്ടോർ സൈക്കിൾ, ബൈക്ക് എന്നിവയാണെന്ന് അന്വേഷണത്തിൽ വ്യക്തമായി. ജനറേറ്റർ ഉപയോഗിച്ച് ഫോഗിംഗ് നടത്തുന്നതിനായി ഈ വാഹനങ്ങൾ പര്യാപ്തമല്ലെന്നിരിക്കെ, ഇത്തരത്തിൽ ഫോഗിംഗ് നടത്തുവാൻ തുക ചെലവഴിച്ചത് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

| Vehicle No. | Vehicle details | Name of owner | Date as per trip sheet | Amount paid |
|---|---|---|---|---|
| KL-40-H 7882 | Honda DIO(Petrol) Motor Cycle (above 95 CC) SRTO Perumbavoor | Kuriakose.C.T. | 8.3.16<br>9.3.16<br>11.3.16<br>13.3.16<br>15.3.16<br>17.3.16 | 650<br>650<br>650<br>650<br>550<br>650 |
| KL-17 6570 | Hero Honda Splender (Petrol) Moroe Cycle SRTO Thodupuzha | Saneesh.C.S. | 10.03.16<br>12.3.16 | 700<br>700 |
| KL-17 5822 | Vehicle details not details found (Courtesy: MoRTH/NIC) | | 8.3.16<br>14.3.16<br>16.3.16 | 600<br>500<br>600 |
| ആകെ | | | | 6,900 |

ഇതേ പദ്ധതിയിൽപ്പെടുത്തി പെരുമ്പാവൂർ സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് താഴെപ്പറയുന്ന രീതിയിൽ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നം. തീയതി | തുക | |
|---|---|---|
| RE 06012<br>31/12/2016 | 13500/-<br>(Gloco one strips<br>1350 X 10) | Bill No. 7/15-16 |
| RE 05645<br>17/12/2015 | 10550/-<br>(Steth Microtone – 1<br>BP Monitor 3<br>Blood Lancet Nisco - 1000) | Bill No. 6/15-16 |

രണ്ട് തവണയായി (15 ദിവസത്തെ വ്യത്യാസത്തിൽ) 24050/-രൂപയുടെ സാധനങ്ങൾ ഇവിടെ നിന്ന് വാങ്ങി. ഇതുപോലെയുള്ള വാങ്ങലുകൾ നടത്തുമ്പോൾ വാങ്ങേണ്ട സാധനങ്ങളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി, ക്വട്ടേഷൻ ക്ഷണിച്ച്, സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങളനുസരിച്ച് ചെയ്യേണ്ടതിന് പകരം, ഇത്തരത്തിൽ രണ്ട് തവണയായി വാങ്ങലുകൾ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, സാഹചര്യത്തിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ച് ചെയ്ത വാങ്ങലുകളായതിനാലാണ് ഇത് സംഭവിച്ചതെന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി

അംഗീകരിക്കുന്നതോടൊപ്പം, പഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾ കണക്കിലെടുത്ത്, വാങ്ങലുകൾ സുതാര്യമായിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

2. പ്രോജക്ടിന്റെ പേര് – PHC യിലേക്ക് മരുന്നും റാക്കും വാങ്ങൽ
ബിൽ നം- 14/15-16
തുക – 204814/-
ഈ പദ്ധതിയിൽപ്പെടുത്തി Metal Tech, Perumbavoor എന്ന സ്ഥാപനത്തിൽ നിന്നും താഴെപ്പറയുന്ന രീതിയിൽ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നം. തീയതി | തുക | |
|---|---|---|
| 99/ 17.03.16 | 50,000/-<br>( 15758 x 1<br>11881 x 2<br>4322 x 1) | Bill No. 14/15-16 |

ഈ പ്രോജക്ടിൽ നിന്നും റാക്ക് വാങ്ങുന്നതിന് തുക ചെലവഴിച്ചതിന്, ക്വട്ടേഷൻ ക്ഷണിച്ച് രേഖകൾ ഫയലിൽ സൂക്ഷിച്ചിരുന്നില്ല. ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടപ്പോൾ അവ ഓഡിറ്റിന് ലഭ്യമാക്കി. ചെലവ് രേഖകളെല്ലാം തന്നെ പ്രോജക്ടിന്റെ ഫയലിൽത്തന്നെ സൂക്ഷിക്കുന്നത് ഉചിതമായിരിക്കും.

# 3-4 പട്ടികജാതി വിഭാഗക്കാർക്ക് വീട് പുനരുദ്ധാരണം - അപാകത

പ്രോജക്ട് – പട്ടികജാതി വിഭാഗക്കാർക്ക് വീട് പുനരുദ്ധാരണം
പ്രോജക്ട് നമ്പർ – S0082/16
അടങ്കൽ – ₹.4,00,000/-

ജി.ഒ.(എം.എസ്.) 362/2013 തസ്വഭവ തീ.16.11.13പ്രകാരം ഭവന പുനരുദ്ധാരണത്തിന് ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയാൽ 8 വർഷത്തിനു ശേഷം മാത്രമാണ് വീണ്ടും ആനുകൂല്യത്തിന് അർഹതയുള്ളത്. എന്നാൽ അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം വീട് പുനരുദ്ധാരണത്തിന് പണം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ മുൻവർഷങ്ങളിൽ ഭവന പുനരുദ്ധാരണത്തിന് പഞ്ചായത്തിൽനിന്ന് ആനുകൂല്യം കൈപ്പറ്റിയവരാണെന്നു കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ വിവരം | ആനുകൂല്യം കൈപ്പറ്റിയ വർഷം |
|---|---|
| കുഞ്ഞ് വള്ളോൻ സി.കെ., ചേലാട്ട് വീട്, ഇടവൂർ | 2011-12 |
| കാർത്തു കുറുമ്പന്, പുതിയിടത്ത് വീട് | 2009-10 |
| കെ ചാർത്താവ്, കാരിക്കാട്,ഇടവൂർ | 2011-12 |

പദ്ധതികൾ നിർവ്വഹിക്കുമ്പോൾ ഇതുവരെ ആനുകൂല്യം ലഭിക്കാത്ത അപേക്ഷകർക്ക് മുൻഗണന നൽകിക്കൊണ്ടും, ഗവ. നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിക്കൊണ്ടും മാത്രം നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-5 തെരുവു വിളക്കുകളുടെ പരിപാലനം - അപാകതകൾ

2015-16 വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടച്ചത് സംബന്ധിച്ച രേഖകൾ പരിശോധിച്ചു. 2015 ഏപ്രിൽ മാസത്തിൽ അടച്ച വൈദ്യുതി ചാർജ്ജും, 2016 മാർച്ച് മാസത്തിലെ വൈദ്യുതി ചാർജ്ജും ഒരേ തുക തന്നെയാണ് അടച്ചിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2015-16 വർഷം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതും അനുബന്ധ സൗകര്യങ്ങൾക്കുമായി 4 പ്രോജക്ടുകൾ വയ്ക്കുകയും 3എണ്ണത്തിൽ തുക ചെലവാക്കുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ :-

| ക്രമ നം. | പ്രോജക്ട് പേര് / നം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 1 | തെരുവ് വിളക്കുകളുടെ എ.എം.സി.27/2015-16 | 300000 | - |
| 2 | തെരുവ് വിളക്കുകൾക്ക് ഹൈമാസ്റ്റ്, എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ 28/2015-16 | 1528000 | 1528000 |
| 3 | സ്ട്രീറ്റ് ലൈറ്റുകൾ മുഴുവൻ മീറ്ററിംഗ് സംവിധാനത്തിലാക്കുന്നതിന് സ്ട്രീറ്റ് ലൈൻ വലിച്ച് മീറ്റർ സ്ഥാപിക്കുന്നതിന് 107/2015-16 | 1500000 | 20000 |
| 4 | തെരുവ് വിളക്കുകളുടെ എ.എം.സി.110/2015-16 | 270000 | 175923 |
| | | | 1723923 |

തെരുവ് വിളക്കുകളുടെ പ്രവർത്തിയുമായി ബന്ധപ്പെട്ട് 1723923 രൂപ 2015-16 വർഷം ചെലവുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുറവ് വന്നിട്ടില്ല.(2015/ഏപ്രീൽ,2016 മാർച്ച് മാസങ്ങളിലെ വൈദ്യുതി ചാർജ്ജ് വിവരം ചുവടെ ചേർക്കുന്നു.)

| ക്രമ നം. | മാസം | വൈദ്യുതി ചാർജ്ജ്/വൗച്ചർ നം. |
|---|---|---|
| 1 | 4/2016 | 183118/-21500001/01-04-2015 |
| 2 | 3/2016 | 183118/-1033-04.03.2016 |

തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

1. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി.യും ഗ്രാമപഞ്ചായത്തും ചേർന്ന് ജോയിന്റ് വേരിഫിക്കേഷൻ നടത്തിയിട്ടില്ല.
2. 107/16 പ്രകാരം തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിന് പ്രോജക്ട് വച്ചിരിന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.
3. 2015-16 വർഷം തുടക്കത്തിലും, അവസാനവും തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിൽ മാറ്റം വന്നിട്ടില്ല. പഞ്ചായത്ത് ഈ വിഷയത്തിൽ ശ്രദ്ധ കൊടുക്കുവാനും കെ.സ്.ഇ.ബി.യുമായി ചേർന്ന് ജോയിന്റ് വേരിഫിക്കേഷൻ നടത്തി പ്രവർത്തനമില്ലാത്ത തെരുവ് വിളക്കുകൾ വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിൽ നിന്നും കുറവ് ചെയ്യാനും നടപടി സ്വീകരിക്കേണ്ടതാണ്.

# 3-6 ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല

2015-16 വർഷം ഒക്കൽ ഗ്രാമ പഞ്ചായത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ ക്ഷീര സഹകണ സംഘങ്ങളിലൂടെ കാലിത്തീറ്റ ധനസഹായം എന്ന പ്രോജക്ടിന്റെ ഫയലുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്ന :-

| പ്രോജക്ട് നം./പേര് | അടങ്കൽ തുക | ഫണ്ടിനം | ആകെ ചെലവ് (ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|

| | | | |
|---|---|---|---|
| 17/2015-16/ ക്ഷീര സഹകരണ സംഘങ്ങളിലൂടെ കാലിത്തീറ്റ ധനസഹായം | 3,00,000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3,00,000 |

ഓഡിറ്റ് തുടങ്ങുന്നതിന് മുമ്പ് അറിയിപ്പ് നൽകിയിട്ടും നാളിതു വരെയായി ഫയലുകൾ ഓഡിറ്റ് മുമ്പാകെ പരിശോധനയ്ക്കായി ഹാജരാക്കാത്തത് അപാകതയാണ്. ആകെ ചെലവ് തുകയായ 300000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 2015-16 | കൂവപ്പടി ബ്ലോക്ക്പഞ്ചായത്ത് | 3,00,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,86,600 | 1,13,400 |
| 2016-16 | ജില്ലാപഞ്ചായത്ത് | 83,090 | ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 83,090 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി.നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| 2015-16 | വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 148362/21.3.16 | 1,20,386 | - | 1,20,386 |
| | | | 148364/21.3.16 | 6,37,580 | - | 6,37,580 |
| | | | 149304/29.3.16 | 27,534 | - | 27,534 |
| 2015-16 | വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 148365/21.3.16 | 3,04,500 | - | 3,04,500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 2015-16 | ഇ.എം.എസ് ഭവനപദ്ധതി | സ.ഉ(സാ)നം. 1098/2010 ത.സ്വ.ഭ.വ. | 6900000 | 2210450 | 1252016 | 0 | 958434 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 51375/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|
| 2002-03 2003-04 | 2-1 | 5,000 | കൊച്ചുത്രേസ്യ, സെക്രട്ടറി, ചേരാനല്ലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് | 11501100338/5.5.15 |
| 2004-05 | 2-1 | 5,000 | " | 1150110344/5.5.15 |
| 2005-06 | 2-1 | 2,500 | " | " |
| 2006-07 | 2-4 | 2,500 | " | " |
| " | 3-6 | 397 | ഷാജു. ടി.ടി., അസി. എഞ്ചിനീയർ | 11501100330/5.5.15 |
| " | " | 2,817 | " | " |
| 2007-08 | 3-5(2) | 414 | എം.വി.ജോയി, മാണിക്കത്താൻ | 11501100378/7.5.15 |
| " | 3-5(4) | 959 | ജെയ്സൺ വർഗ്ഗീസ് | 11501100383/8.5.15 |

| | | | | |
|---|---|---|---|---|
| 2008-09 | 2-1 | 100 | എ.എ.സക്കീർ, അമ്പാടൻ | 11501102457/31.12.15 |
| " | " | 250 | മീതിയൻ.എം.വി., മുണ്ടേത്ത് | 11501103189/15.3.16 |
| " | " | 500 | ഡോ.രമേഷ്ബാബു | 11501102536/14.1.16 |
| " | " | 25 | ഷാജി.വി. മുതിരപ്പിള്ളിൽ | 11501102418/28.12.15 |
| " | " | 250 | എ.എ.സലാം, അമ്പാടൻ | 11501102458/31.12.15 |
| " | " | 250 | സക്കീർ, റയോൺപുരം | 11501103210/16.3.16 |
| " | " | 250 | അലിയാർ, റയോൺപുരം | 11501103210/16.3.16 |
| " | " | 500 | റഫീക്ക്, മുണ്ടേത്ത് | 11501103345/22.3.16 |
| " | 3-2 | 240 | സി.വി.ശശി | 11501103362/23.3.16 |
| " | 3-12 | 905 | ജെയ്സൺ വർഗ്ഗീസ് | 11501100384/8.5.15 |
| " | " | 1,116 | ജെയ്സൺ വർഗ്ഗീസ് | 1150110384/8.5.15 |
| 2008-09 | 3-12 | 1,599 | സോജൻ ജോസഫ് | 11501100435/12.5.15 |
| " | " | 917 | എം.വി.ജോയ് | 11501100374/7.5.15 |
| " | " | 437 | " | 11501100379/7.5.15 |
| " | " | 1,219 | " | 11501100379/7.5.15 |
| 2010-11 | 3-24 | 6,266 | ആഷ്‌ലി നായർ, സെക്രട്ടറി | 11501100370/6.5.15 |
| " | " | 13,734 | അസി. എഞ്ചിനീയർ | 11501100370/6.6.15 |
| 2011-12 & 2012-13 | 3-3 | 844<br>386 | അസി. എഞ്ചിനീയർ | 11501100432/12.5.15 |
| " | " | 2,000 | അസി. എഞ്ചിനീയർ | 11501100331/5.5.15 |
| ആകെ | | 51,375 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,63,13,089 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,34,75,353 |
| വരവിനങ്ങളിലുള്ള നഷ്ടം | 70,336 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,30,038 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 25,700 | – | ശ്രീ. അബ്ദുൾ ഹക്കീം, സെക്രട്ടറി |
| 2-2 | 22,500 | – | ശ്രീ. അബ്ദുൾ ഹക്കീം, സെക്രട്ടറി |
| 2-3 | 14,136 | – | ശ്രീ. അബ്ദുൾ ഹക്കീം, സെക്രട്ടറി |
| 2-4 | 8,000 | – | ശ്രീ.കെ.വി.സുബ്രഹ്മണ്യൻ,<br>അസി. സെക്രട്ടറി(അഡീഷണൽ ചാർജ്) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5,29,863 | ശ്രീമതി. ഗേളി മേരി ജോർജ്ജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | 93,275 | മൻസൂർ.ടി.എ.,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 6,900 | ഡോ. അനിത ആർ.കൃഷ്ണ, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. |
| 3-6 | 3,00,000 | സഹീറ എം.എ. ഡയറി ഡവലപ്മെന്റ് ഓഫീസർ (ഡയറി ഫാം ഇൻസ്ട്രക്റ്റർ) ഒക്കൽ ഗ്രാമ പഞ്ചായത്ത് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അബ്ദുൾ ഹക്കീം,<br>സെക്രട്ടറി | സെക്രട്ടറി, ഒക്കൽ<br>ഗ്രാമപഞ്ചായത്ത് | സുഹൈൽ മൻസിൽ,<br>വടക്കാഞ്ചേരി.പി.ഒ., |

| | | |
|---|---|---|
| | | ആലത്തൂർ.പി.ഒ., പാലക്കാട്. പിൻ - 678683 |
| ശ്രീ.കെ.വി.സുബ്രഹ്മണ്യൻ, അസി. സെക്രട്ടറി | അസി. സെക്രട്ടറി, ഒക്കൽ ഗ്രാമപഞ്ചായത്ത് | കറവാട്ടെക്കുടി, തുരുത്തി.പി.ഒ., കുറുപ്പംപടി. പിൻ - 683545 |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ എഫ് ഇ (പി2)/59/07<br>തീയതി:09.02.2007/17.04.2007 | 1 |
| 2001-02 | എൽ എഫ് ഇ (പി2) /60/07<br>തീയതി: 9.02.2007/02.07.2007 | 1 |
| 2002-03 | എൽ എഫ് ഇ (പി2)/133/10<br>തീയതി:23.12.2010/03.05.2011 | 1 |
| 2003-04 | എൽ എഫ് ഇ (പി2) /134/10<br>തീയതി:23.12.2010/03.05.2011 | 4 |
| 2004-05 | എൽ എഫ് ഇ (പി2) /135/10<br>തീയതി:23.12.2010/03.05.2011 | 4 |
| 2005-06 | എൽ എഫ് ഇ (പി2) /136/10/<br>തീയതി:23.12.2010/03.05.2011 | 5 |
| 2006-07 | എൽ എഫ് ഇ (പി2) /137/10<br>തീയതി:23.12.2010/03.05.2011 | 3 |
| 2007-08 | എൽ എഫ് ഇ (പി2) /943/11<br>തീയതി:09.03.2012/16.04.2012 | 12 |
| 2008-09 | എൽ എഫ് ഇ (പി2) 944/11<br>തീയതി:09.03.2012/16.04.2012 | 16 |
| 2009-10 | എൽ എഫ് ഇ (പി2) 1845/11<br>തീയതി:21.10.2011/10.11.2011 | 15 |
| 2010-11 | എൽ എഫ് ഇ (പി2)1846/11<br>തീയതി:21.10.2011/10.11.2011 | 5 |
| 2011-12 & 2012-13 | എൽ എഫ് ഇ (പി2) 1339/2014<br>തീയതി: 08.01.2015 | 11 |
| 2013 & 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി2) 2023/2015<br>തീയതി: 08.01.2016 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇകെഎം(പി.2)1989/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 07.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ഒക്കൽ

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.2)1989/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 07.12.2016

Certified that I have audited the Annual Financial Statement of OKKAL Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of OKKAL Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director (H.G.)